**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **06-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ മത്സ്യതൊഴിലാളികൾക്കുള്ള ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കുട്ടനാട്ടിൽ അവരുടെ ക്ഷേമത്തിന് കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | ഉൾനാടൻ മത്സ്യമേഖലയെ ആശ്രയിച്ച് ജിവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലും സ്ഥിരവരുമാനവും ഉറപ്പ വരുത്തുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ടും സാഫ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികIളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വള്ളം, വല, എന്നിവ വാങ്ങുന്നതിനും മത്സ്യ വിപണനം കാര്യക്ഷമമായി നടത്തുന്നതിനും ഇപ്പോൾ മത്സ്യതൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (സി) | കുട്ടനാടൻ മേഖലയിൽ ഒരു മീനും ഒരു നെല്ലും പദ്ധതി വ്യാപകമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കുട്ടനാടൻ മേഖലയിൽ ഒരു നെല്ലും ഒരു മീനും പദ്ധതി വ്യാപകമാക്കി വരുന്നു. പത്തനംതിട്ട ജില്ലയിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നിലവിൽ 300 ഹെക്ടർ പ്രദേശത്ത് തുടർന്നു വരുന്നു. അനുയോജ്യമായ 100 ഹെക്ടർ പ്രദേശത്തു കൂടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. കോട്ടയം ജില്ലയിൽ ഒരു നെല്ലും ഒരു മീനും കൃഷിക്കായി 2386 ഹെക്ടർ ഏരിയ പ്രയോജനപ്പെടുത്തി. ഇതിന് പുറമേ 1400 ഹെക്ടർ ഏരിയയിൽ ഒരു നെല്ലും ഒരുമീനും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആലപ്പുഴ ജില്ലയിൽ നിലവിൽ 6450 ഹെക്ടർ ഏരിയയിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നു. 950 ഹെക്ടർ പ്രദേശത്തു കൂടി ഒരു നെല്ലും ഒരുമീനും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ ഒരു നെല്ലുംഒരുമീനും പദ്ധതി പ്രകാരം കൃഷി ചെയ്യാൻ തയ്യാറുള്ള പാടശേഖര സമിതിയുടെ സമ്മതപ്രകാരം |

| | | | |
|---|---|---|---|
| | | | കുട്ടനാട് മേഖലയിൽ മത്സ്യകൃഷി വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സമ്പാദ്യസമാശ്വാസ പദ്ധതി:-** പഞ്ഞ മാസങ്ങളിൽ ധനസഹായം നൽകുന്നതിലേക്കായി 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ധനസഹായമായി 4500/- രൂപ അനുവദിക്കുന്നു.

**വിദ്യാഭ്യാസസഹായ പദ്ധതികൾ:-** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ മത്സ്യവകുപ്പ് പുറപ്പെടുവിക്കുകയും പട്ടികജാതി വികസന വകുപ്പ് നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും നടപടി ക്രമങ്ങൾക്കും വിധേയമായി ആനുകൂല്യങ്ങൾ നൽകി വരുന്നു. 2017-18 മുതൽ +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ ആനുകൂല്യംഇ-ഗ്രാന്റ്സ് പദ്ധതി വഴിയാണ് അനുവദിക്കുന്നത്. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ്മണി, മെസ്സ്ചാർജ്ജ് എന്നിവ അർഹതയ്ക്കനുസരിച്ച് നൽകുന്നു. പ്രീമെട്രിക്, പോസ്റ്റ്മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പി.എസ്.സി, ബാങ്ക്, ഐ.എ.എസ് മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്ന വിദ്യാതീരം പദ്ധതിയും നടപ്പിലാക്കി വരുന്നു.

**കേരള മത്സ്യത്തൊഴിലാളിക്ഷേമ നിധി ബോർഡ് വഴിനടപ്പിലാക്കുന്ന പദ്ധതികൾ**

1. കേരളമത്സ്യത്തൊഴിലാളി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾ പെൻഷണർമാർ, വിധവാ പെൻഷണർമാർ എന്നിവർക്ക് 1600/- രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു.

2. ഉൾനാടൻ മത്സ്യത്തെഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ആക്സിഡന്റ് ഇൻഷുറൻസ് കവറേജ് 17/12/2020

മുതൽ 16/12/2021 വരെ ദീർഘിപ്പിച്ചിട്ടു ണ്ട് ഇത് പ്രകാരം മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ചുവടെ പറയും പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട് അപകട മരണം 10 ലക്ഷംരൂപ, മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ 10 ലക്ഷം രൂപ, സ്ഥിരവും പൂർണ്ണവുമായ അവശത 10 ലക്ഷംരൂപ, സ്ഥിരവും ഭാഗികവുമായ അവശത 5,00,000/- രൂപ, അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസസഹായം 5000/- രൂപ പ്രകാരം പരമാവധി 10,000/- രൂപ, അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ട് വരുന്നവർക്ക് ധനസഹായം 25,000/- (പരമാവധി)

3. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം - ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാര മുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് ധനസഹായം 50,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടു ണ്ട് വിവാഹ ധനസഹായ പദ്ധതി- ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 10,000/- രൂപ നൽകി വരുന്ന പദ്ധതി.

4. വിവാഹ ധനസഹായ പദ്ധതി- ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 10,000/- രൂപ നൽകി വരുന്ന പദ്ധതി.

5. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായ പദ്ധതി - ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾക്കായി 600/- രൂപ ധനസഹായം നൽകിവരുന്നു.

6. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായ പദ്ധതി- ഏതു സാഹചര്യത്തിൽ മരിക്കുന്ന മത്സ്യത്തൊഴിലാളി കളുടെ ആശ്രിതർക്ക് ധനസഹായമായി 15,000/- രൂപ നൽകിവരുന്നു.

7. കുടുംബ സംവിധാന പദ്ധതി- വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും ശുശ്രൂഷ ചെലവുകൾക്കായി 500/- രൂപ നൽകിവരുന്നു.

**8.** മാരകരോഗ ചികിത്സാപദ്ധതി മാരക രോഗങ്ങൾ പിടിപ്പെട്ട് ക ഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നല്കുന്ന പദ്ധതി. പദ്ധതിയിൽ ഉൾപ്പെടുന്ന രോഗങ്ങളും ധനസഹായവും ചുവടെ പറയുന്നു.

| ക്രമനമ്പർ | രോഗങ്ങൾ | പരമാവധി ധനസഹായം |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/- |
| 2 | വൃക്ക രോഗം | 50,000/- |
| 3 | ക്യാൻസർ | 50,000/- |
| 4 | തലച്ചോറിലെ ട്യൂമർ | 50,000/- |
| 5 | തളർവാതം | 12,000/- |
| 6 | ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസികരോഗം | 5,000/- |

**9.** ചെയർമാൻസ് റിലീഫ് ഫണ്ട് - അപ്രതീക്ഷിത മായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതിക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവി ക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹാ യമായി 500/- രൂപ മുതൽ 5000/- രൂപ വരെ സാഹചര്യത്തിന്റെ ഗൗരവം അനുസരിച്ച് നൽ കിവരുന്നു.

**10.** ബോർഡിന്റെ പ്രത്യേക ധനസഹായം-ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി നൽകിവരുന്നു

**11.** പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായം- ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകൾക്കും തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവശു ശ്രൂഷ ധനസഹായമായി 750/- രൂപ നൽകിവരുന്നു.

**12.** ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി- ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടി ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എ+ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5000/-

രൂപ വീതം പ്രോത്സാഹനം നൽകി വരുന്നുണ്ട്

**13.** ബോധവത്കരണ പരിപാടി - മത്സ്യത്തൊഴിലാളികൾ ക്ക് വേണ്ടി ഫിഷറീസ് വകുപ്പും ക്ഷേമനിധി ബോർഡും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതി.

**14.** അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം - അപകടംമൂലം ചുരുങ്ങിയത് 7 ദിവസം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ പരമാവധി 500/-രൂപ നൽകുന്ന പ ദ്ധതി. തീരദേശം ഉൾനാടൻ എന്ന വേർതിരിവല്ലാതെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് വേണ്ടിയുള്ള പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. പൊതുജലാശയങ്ങളിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വർഷം തോറും പൊതു ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പരിപാടി നടപ്പിലാക്കിവരുന്നു. തൻമൂലം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ലഭ്യതയും വരുമാന വർദ്ധനവും ഉ ണ്ടാകും. കൂടാതെ അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുകവഴി ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിക്കും. എല്ലാ ജില്ലകളിലും ഉൾനാടൻ ജലാശയങ്ങളിലെ പ ട്രോളിംഗ് ശക്തമാക്കിയി ട്ടുണ്ട്. ഇവയെല്ലാംതന്നെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് കാരണമാകുന്ന പരിപാടികളാണ്. വേമ്പനാട് , അഷ്ടമുടി പദ്ധതി പ്രകാരം **48** ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ച കൊണ്ട് തയ്യൽ യൂണിറ്റുകൾ, കൺസോർഷ്യം മാതൃകയിൽ അപാരൽ പാർക്ക് കൊല്ലം കുണ്ടറയിൽ പ്രവർത്തിച്ച വരുന്നു. വേമ്പനാടിന്റെ തീരപ്രദേശത്തുള്ള വനിതകളെ ശാക്തീകരിക്കുന്നതിന് വേമ്പനാട് പദ്ധതിയും നടപ്പിലാക്കി വരുന്നു.

Sabitha

**സെക്ഷൻ ഓഫീസർ**